പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 199 **27-10-2026-ൽ മറുപടിയ്ക്ക്**

ആഗോള നിക്ഷേപക സംഗമം

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. ഐ. സി. ബാലകൃഷ്ണൻ
ശ്രീ. ആര്യാടൻ ഷൗക്കത്ത്
ശ്രീ. എഫ്. രാജ

മറുപടി നൽകിയ മന്ത്രി

ശ്രീ. പി. കെ. കൃഷ്ണാലിക്കുട്ടി
(വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി)

(എ) 2027 ഫെബ്രുവരിയിൽ ആഗോള നിക്ഷേപക സംഗമം സംഘടിപ്പിക്കുന്നതിനുള്ള നടപടികൾക്ക് സർക്കാർ തുടക്കം കുറിച്ചിട്ടുണ്ടോ; പ്രസ്തുത സംഗമത്തിലൂടെ കേരളത്തിലേക്ക് കൂടുതൽ ആഭ്യന്തര-വിദേശ നിക്ഷേപങ്ങൾ ആകർഷിക്കുന്നതിനും സംസ്ഥാനത്തിന്റെ വ്യവസായ വികസനത്തിന് ആക്കം കൂട്ടുന്നതിനും ലക്ഷ്യമിടുന്നുണ്ടോ; വ്യക്തമാക്കാമോ;

മറുപടി: സർക്കാർ 2027-ൽ ആഗോള നിക്ഷേപക സംഗമം സംഘടിപ്പിക്കുന്നതിനുള്ള നടപടികൾക്ക് തുടക്കം കുറിച്ചിട്ടുണ്ട്. ആഗോള നിക്ഷേപക സമ്മിറ്റുമായി ബന്ധപ്പെട്ട് 2026-27 സാമ്പത്തിക വർഷത്തിൽ ദേശീയ, അന്തർദേശീയ നിക്ഷേപ പ്രോത്സാഹന പരിപാടികളിൽ പങ്കെടുക്കുന്നതിനും സംസ്ഥാനതല നിക്ഷേപ പ്രോത്സാഹന പരിപാടികൾ സംഘടിപ്പിക്കുന്നതിനും അംഗീകാരം നൽകിയിട്ടുണ്ട്.

സംഗമത്തിലൂടെ കേരളത്തിലേക്ക് കൂടുതൽ ആഭ്യന്തര-വിദേശ നിക്ഷേപങ്ങൾ ആകർഷിക്കുന്നതിനും സംസ്ഥാനത്തിന്റെ വ്യവസായ വികസനത്തിന് ആക്കം കൂട്ടുന്നതിനും ലക്ഷ്യമിടുന്നുണ്ട്. സംഗമത്തിൽ ലഭിക്കുന്ന നിക്ഷേപ താൽപ്പര്യങ്ങൾ യഥാർത്ഥ നിക്ഷേപ പദ്ധതികളാക്കി മാറ്റുന്നതിനാണ് സർക്കാർ ഊന്നൽ നൽകുന്നത്. ഇതിനായി ഇൻവെസ്റ്റ് കേരളം സെൽ മുഖേന ഭൂമി, അനുമതികൾ, നിക്ഷേപാനന്തര പിന്തുണ എന്നിവ ഉൾക്കൊള്ളുന്ന സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി) ആഗോള നിക്ഷേപക സംഗമത്തിന്റെ ഭാഗമായി സംസ്ഥാനത്തിന്റെ വ്യവസായ-നിക്ഷേപ സാധ്യതകൾ ആഗോളതലത്തിൽ പ്രചരിപ്പിക്കുന്നതിനും പ്രമുഖ നിക്ഷേപകരെ കേരളത്തിലേക്ക് ആകർഷിക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്; വ്യക്തമാക്കാമോ;

മറുപടി: സംസ്ഥാനത്തിന്റെ വ്യവസായ-നിക്ഷേപ സാധ്യതകൾ ആഗോളതലത്തിൽ പ്രചരിപ്പിക്കുന്നതിനും പ്രമുഖ നിക്ഷേപകരെ ആകർഷിക്കുന്നതിനുമായി താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചുവരുന്നു:

(1) ദുബായ്, ലണ്ടൻ, ന്യൂയോർക്ക്, സിംഗപ്പൂർ, ടോക്കിയോ എന്നീ നഗരങ്ങളിൽ പ്രവാസി കേരളീയ സംഘടനകളുടെ സഹകരണത്തോടെ 'കേരള ഡെസ്കുകൾ' സ്ഥാപിക്കുന്നതിന് സർക്കാർ തത്വത്തിൽ അനുമതി നൽകിയിട്ടുണ്ട്.

(2) നിക്ഷേപകർക്ക് തുടക്കം മുതൽ പൂർത്തീകരണം വരെ ആവശ്യമായ പിന്തുണ ഉറപ്പാക്കുന്നതിനും നിക്ഷേപക ബന്ധങ്ങൾ പരിപാലിക്കുന്നതിനും വിവിധ വകുപ്പുകൾ തമ്മിലുള്ള ഏകോപനം ശക്തിപ്പെടുത്തുന്നതിനും പദ്ധതിയുടെ പുരോഗതി നിരീക്ഷിക്കുന്നതിനുമായി കെ.എസ്.ഐ.ഡി.സി.യിൽ ഇൻവെസ്റ്റ് കേരളം സെൽ ആരംഭിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

(3) ₹25 കോടിക്ക് മുകളിൽ മൂലധന നിക്ഷേപമുള്ള പദ്ധതികൾക്ക് ഒറ്റ അപേക്ഷയിൽ ഒറ്റ അനുമതി നൽകുന്ന 'സരൾ കേരളം' (Simplified & Accelerated Regulatory Approvals and Licensing) എന്ന ഏക സ്റ്റാറ്റ്യൂട്ടറി അതോറിറ്റി രൂപീകരിക്കുന്നതിന് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്.

(4) സംസ്ഥാനത്തിന്റെ വ്യവസായിക സാധ്യതകളും നിക്ഷേപ സൗഹൃദ അന്തരീക്ഷവും ദേശീയ-അന്തർദേശീയ തലങ്ങളിൽ പ്രചരിപ്പിക്കുന്നതിനായി പ്രമുഖ ദേശീയ-അന്തർദേശീയ പരിപാടികളിലും വ്യാപാര പ്രദർശനങ്ങളിലും നിക്ഷേപ പ്രോത്സാഹന പരിപാടികളിലും സംസ്ഥാനത്തിന്റെ പങ്കാളിത്തം ഉറപ്പാക്കിവരുന്നു.

(സി) വിവരസാങ്കേതികവിദ്യ, ഉൽപ്പാദന മേഖല, ഭക്ഷ്യസംസ്കരണം, വിനോദസഞ്ചാരം, ആരോഗ്യരംഗം, ഹരിതോർജം തുടങ്ങിയ മേഖലകളിൽ പുതിയ നിക്ഷേപങ്ങൾ ആകർഷിക്കുന്നതിന് പ്രത്യേക പരിഗണന നൽകുന്നുണ്ടോ; വിശദമാക്കാമോ;

<u>മറുപടി:</u> ഉണ്ട്.

കേരള വ്യവസായ നയം പ്രകാരം 22 മുൻഗണനാ മേഖലകൾ നിശ്ചയിച്ചിട്ടുണ്ട്; ഈ മേഖലകളിലെ നിക്ഷേപങ്ങൾക്ക് നിക്ഷേപ സബ്സിഡി, സംസ്ഥാന ചരക്ക് സേവന നികുതി (SGST) റീഇംബേഴ്സ്മെന്റ്, വൈദ്യുതി തീരുവ ഇളവ്, തൊഴിൽ സൃഷ്ടിക്കുന്നതിനുള്ള പ്രോത്സാഹനം, വായ്പാ പലിശ സബ്സിഡി തുടങ്ങിയ ആനുകൂല്യങ്ങൾ നൽകിവരുന്നു. വിവരസാങ്കേതികവിദ്യ, ഉൽപ്പാദന മേഖല, ഭക്ഷ്യസംസ്കരണം, കാർഷികാധിഷ്ഠിത വ്യവസായങ്ങൾ, വിനോദസഞ്ചാരം, ആരോഗ്യരംഗം, ജൈവസാങ്കേതികവിദ്യ, ഇലക്ട്രോണിക്സ്, ഹരിതോർജം, ലോജിസ്റ്റിക്സ്, നവീന സാങ്കേതികവിദ്യാധിഷ്ഠിത വ്യവസായങ്ങൾ തുടങ്ങിയ മേഖലകളിൽ നിക്ഷേപ സാധ്യതകൾ പ്രോത്സാഹിപ്പിച്ചുവരുന്നു.

സർക്കാർ നിശ്ചയിക്കുന്ന പരിധിക്ക് മുകളിൽ തന്ത്രപ്രധാന മേഖലകളിൽ നടത്തുന്ന നിക്ഷേപങ്ങൾക്ക് നിലവിലെ വ്യവസായ നയപ്രകാരമുള്ള ആനുകൂല്യങ്ങൾക്ക് പുറമേ പ്രത്യേക ആനുകൂല്യങ്ങളും നൽകുന്നതിനുള്ള നടപടിയും സ്വീകരിച്ചു വരുന്നു. കെ.എസ്.ഐ.ഡി.സിയിലെ ഇൻവെസ്റ്റ് കേരളം സെൽ മുഖേന ഓരോ മേഖലയിലെയും നിക്ഷേപ സാധ്യതകൾ, നയങ്ങൾ, ആനുകൂല്യങ്ങൾ എന്നിവ സംബന്ധിച്ച വിവരങ്ങളും മാർഗനിർദേശങ്ങളും നിക്ഷേപകർക്ക് ലഭ്യമാക്കും.

(ഡി) സംഗമത്തിലൂടെ ലഭിക്കുന്ന നിക്ഷേപ താൽപ്പര്യങ്ങൾ യാഥാർത്ഥ്യ പദ്ധതികളാക്കി മാറ്റുന്നതിനും വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിനുമുള്ള നടപടിക്രമങ്ങൾ ലളിതമാക്കുന്നതിനും സമയബന്ധിത അനുമതി ഉറപ്പാക്കുന്നതിനും സംവിധാനം ഒരുക്കിയിട്ടുണ്ടോ;

<u>മറുപടി:</u> ഉണ്ട്.

നിക്ഷേപ താൽപ്പര്യങ്ങൾ യഥാർത്ഥ പദ്ധതികളാക്കി മാറ്റുന്നതിനായി കെ.എസ്.ഐ.ഡി.സിയിലെ ഇൻവെസ്റ്റ് കേരളം സെൽ മുഖേന ഭൂമി, അനുമതികൾ, നിക്ഷേപാനന്തര പിന്തുണ എന്നിവ നടപ്പിലാക്കുകയും, ഓരോ നിർദേശവും ലഭിക്കുന്നതു മുതൽ പദ്ധതി പ്രവർത്തനം ആരംഭിക്കുന്നതു

വരെയുള്ള പുരോഗതി ട്രാക്കിംഗ് സംവിധാനം വഴി നിരീക്ഷിക്കുകയും ചെയ്യും. ഓരോ നിക്ഷേപകനും ഏകബിന്ദു ബന്ധം ഉറപ്പാക്കും.

അനുമതികൾ സമയബന്ധിതമായി ലഭ്യമാക്കുന്നതിനായി 'ഒരു സംസ്ഥാനം – ഒരു അനുമതി – ഒരു രേഖ' എന്ന ആശയത്തിൽ 'സരൾ കേരളം' ഏക സ്റ്റാറ്റ്യൂട്ടറി അതോറിറ്റി രൂപീകരിക്കുന്നതിന് സർക്കാർ തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്.

(ഇ) പ്രസ്തുത സംഗമത്തിന്റെ ഭാഗമായി സംസ്ഥാനത്ത് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും യുവാക്കൾക്ക് നൈപുണ്യാധിഷ്ഠിത തൊഴിൽ ലഭ്യമാക്കുന്നതിനും ചെറുകിട-ഇടത്തരം സംരംഭങ്ങളുടെ വളർച്ച പ്രോത്സാഹിപ്പിക്കുന്നതിനും ലക്ഷ്യമിടുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

<u>മറുപടി:</u> ഉണ്ട്.

സംഗമത്തിലൂടെ ആകർഷിക്കപ്പെടുന്ന പുതിയ നിക്ഷേപങ്ങളും നിലവിലുള്ള സംരംഭങ്ങളുടെ വിപുലീകരണവും വഴി വിവിധ മേഖലകളിൽ വിദഗ്ധ-അവിദഗ്ധ തൊഴിലാളികൾക്കുള്ള ആവശ്യകത വർധിക്കും. ഇത് സംസ്ഥാനത്തെ വിദഗ്ധരായ യുവജനങ്ങൾക്ക് കേരളത്തിനുള്ളിൽ തന്നെ തൊഴിൽ ലഭ്യമാക്കുന്നതിനും തൊഴിൽ തേടിയുള്ള പുറംകുടിയേറ്റം കുറയ്ക്കുന്നതിനും സഹായകമാകും. കൂടാതെ, സുതാര്യവും സമയബന്ധിതവുമായ അനുമതികൾ കാലതാമസവും ചെലവ് വർധനവും കുറയ്ക്കുകയും നിക്ഷേപക വിശ്വാസം വർധിപ്പിക്കുകയും ചെയ്യുന്നതിലൂടെ സംസ്ഥാനത്തെ വ്യവസായ സൗഹൃദ അന്തരീക്ഷവും മത്സരക്ഷമതയും മെച്ചപ്പെടുമെന്ന് പ്രതീക്ഷിക്കുന്നു.

സെക്ഷൻ ഓഫീസർ